മൊക്കെ എടുത്താലും ശരി അതിന്റെ പ്രദേശങ്ങളിലാണ് വന്യമൃഗങ്ങളെ ഇന്ന് കൂടുതലായി കാണാൻ കഴിയുന്നതെന്നുള്ളതാണ് സ്ഥിതി. അതു കൊണ്ട് ഡാം വരുന്നതുകൊണ്ടും, വെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ടും മൃഗ സമ്പത്ത് നഷ്ടമാകുമെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ശരിയല്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ ശക്തമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട സഭയെയും മെമ്പറൻമാരെയും ഞാൻ അറിയിക്കുകയാണ്. അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ട യാതൊരു കാര്യവുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി നിഷേധിച്ചിരിക്കുന്നു.

III ശദ്ധ ക്ഷണിക്കൽ

(1) ഭൂപരിഷ്ക്കരണ നിയമത്തിലെ 6 (സി) വകുപ്പ് എടുത്തുകളയാനുദ്ദേശിച്ചുകൊണ്ടുള്ള 1980-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബില്ലിന് കേന്ദ്രാനുമതി ലഭിക്കാത്തതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന്റെ കാലത്ത് ഈ സഭ പാസ്സാക്കി കേന്ദ്രത്തിന്റെ അനുവാദത്തിനു വേണ്ടി അയച്ചിട്ടുള്ള 6 (സി) യുടെ ഭേഗതിക്ക് അംഗീകാരം ലഭിക്കാത്തതുമൂലം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതി ഗവൺമെൻറിന്റെ ശദ്ധയിൽ പെടുത്താനാണ് ഞാനീയവസരം ഉപയോഗിക്കുന്നത്. നമ്മുടെ രാജ്യത്ത് ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതിനുശേഷം കുടികിടപ്പുകാർക്കും കൈവശകൃഷിക്കാർക്കും എല്ലാം അല്പം ആശ്വാസം പകരാൻ കഴിഞ്ഞിട്ടുണ്ടെന്ന സത്യം അംഗീകരിച്ചുകൊണ്ടാണ് ഇത് പറയുന്നത്. അത് ആരുടെയും ഔദാര്യം കൊണ്ടല്ലെന്നുകൂടി ഞാൻ കൂട്ടിച്ചേർക്കുകയാണ്. നമ്മുടെ രാജ്യത്ത് കുടികിടപ്പുകാർക്ക് കിട്ടിയിട്ടുള്ള ഭൂമിയിൽത്തന്നെ, നിലവിലുള്ള കുടിലുകളിൽ അന്ന് പെറ്റുവീണ കുട്ടികളടക്കം അവരെല്ലാം പ്രായമായി പ്രത്യേകം പ്രത്യേകം കുടുംബങ്ങളായി ആ കൂരയിൽത്തന്നെ ഞെങ്ങിഞെരുങ്ങി കഴിയുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ആ സ്ഥിതിവിശേഷം മനസ്സിലാക്കിക്കൊണ്ട് ഇതിന് അംഗീകാരം വാങ്ങിക്കേണ്ടതായിരുന്നു, അതിനുവേണ്ടി ഈ ഗവൺമെൻറ് എന്ത് ചെയ്തുവെന്ന് ഈ മന്ത്രി പറയണം. അതാണ് അതെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ മന്ത്രിമാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ആഴ്ചയിൽ രണ്ടും മൂന്നും തവണ ഡൽഹിയിൽ പോകുന്ന ആളുകളാണ്. ഇൻഡ്യൻ പ്രസിഡൻറിനെയും കേന്ദ്ര ഭരണാധികാരികളെയും ഒക്കെനേരിൽ കണ്ട് സംസാരിച്ച് സംതോഷണം ചെയ്യുന്ന ആളുകളാണ് നിങ്ങൾ. എന്തുകൊണ്ട് ഈ 6 (സി) വകുപ്പിന്റെ ഭേഗതിക്ക് അംഗീകാരം തരണമെന്ന് ഇതുവരെ ആവശ്യപ്പെട്ടില്ല എന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സഭ്യസന്ധമായി ഈ സഭയിൽ വെളിപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിൽ ലക്ഷംവീട് കോളനികളുണ്ട്. ആ ലക്ഷംവീട് കോളനിയിൽ ഇന്ന് ഒരു വീട്ടിൽ രണ്ട് കുടുംബമാണ് താമസിക്കുന്നത്. എന്റെ അഭിപ്രായം സ്വതന്ത്രമായി കഴിയണമെങ്കിൽ വീട് എത്ര ചെറുതായാൽപ്പോലും ഒരു കുടുംബത്തിന് ഒരു വീടെന്ന നിലയിൽ ആ വീട് പുനഃസ്ഥാപിച്ചുകൊടുക്കാനുള്ള സ്ഥലവും വീടും നമ്മുടെ നാട്ടിലു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകണം. ഇവിടെ സ്ഥലം വളരെ പരിമിതമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ നമ്മുടെ കേരളത്തിലെ പട്ടണ പ്രദേശങ്ങളിൽ, ചേരിപ്രദേശങ്ങളിൽ കഴിഞ്ഞുകൂടുന്ന ആയിരക്കണക്കിന് കുടുംബങ്ങളും കടത്തിണ്ണയിലും കമ്പോളങ്ങളിലും റയിൽവേസ്റ്റേഷനുകളിലും അന്തിയുറങ്ങുന്നതെന്ന് അന്വേഷിച്ചാൽ നമുക്ക് കാണാൻ കഴിയും. അവരിൽ നല്ലൊരു വിഭാഗം ഈ മണ്ണിന്റെ മക്കളാണ്, ഇവിടെ ജനിച്ചു വളർന്നവരാണ്, നമ്മുടെ നാടിന്റെ സന്താനങ്ങളാണ്, അവർക്ക് നമ്മുടെ നാട്ടിൽ വീടുണ്ടാകേണ്ട കാര്യമുണ്ട്. അത്തരം കാര്യങ്ങളും പരിഗണിക്കുമ്പോൾ തീർച്ചയായും അല്പം ആശ്വാസം പകരാൻ കഴിയുന്നതായിരുന്നു ഈ 6 (സി) വകുപ്പിന്റെ ഭേദഗതിയെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുപോലെതന്നെ നമ്മുടെ പാതവക്കിലും, പാടതരിശിലും എല്ലാം ലക്ഷക്കണക്കിന് കുടുംബങ്ങളും ഒരുപിടി മണ്ണിന്റെ ഉടമകളല്ലാതെ നമ്മുടെ രാജ്യത്ത് കഴിഞ്ഞുകൂടുന്നുണ്ട്. ഈ സർക്കാരിന്റെ ആളുകളോട് ഞാൻ ചോദിക്കുന്നത് പാതവക്കിലും പാടതരിശുകളിലും കഴിഞ്ഞുകൂടുന്ന ആളുകൾക്ക് ആ സ്ഥലം പതിച്ചുകൊടുക്കാൻ നിലവിലുള്ള ചട്ടങ്ങളും അനുശാസിക്കുന്നുണ്ടോ ? ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർക്കെല്ലാം സ്വന്തമായി നമ്മുടെ നാട്ടിൽ വീടും സ്ഥലവും ഉണ്ടാകണം. ആ പ്രശ്നം അവശേഷിക്കുകയാണ്. അതുപോലെ മറ്റൊരു പ്രശ്നം കുണ്ടറ മുതൽ ആര്യങ്കാവ് വരെയുള്ള റെയിൽവെ പുറംപോക്കുകളിൽ കഴിഞ്ഞുകൂടുന്ന 5,000 കുടുംബങ്ങളുണ്ട്. അവർക്ക് നമ്മുടെ നാട്ടിൽ ഭൂമി കൊടുക്കുമെന്ന് ഈ സഭാവേദിയിൽ ബഹുമാനപ്പെട്ട പല മന്ത്രിമാരും അടുത്ത കാലത്ത് ഉറപ്പ് തന്നിട്ടുള്ളതാണ്. അതൊന്നും പരിഹരിക്കാൻ എന്തുകൊണ്ടോ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. അതാണ് അതെപ്പറ്റി എനിക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അവർക്കെല്ലാം ഭൂമി കൊടുക്കണമെങ്കിൽ തീർച്ചയായും നമ്മുടെ നാട്ടിൽ ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇവിടെ അറിഞ്ഞിടത്തോളം ജനിക്കാത്തവരുടെയും, ജീവിച്ചിരിക്കാത്തവരുടെയും വളർത്തുജന്തുക്കളുടെയും എല്ലാം പേരിൽ ചില ആളുകൾ കള്ളക്കണക്കുകൾ ആയിരക്കണക്കിന് ചമച്ചിട്ടുണ്ടെന്നാണ് കേൾക്കുന്നത്. ഇതേപ്പറ്റി ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അക്കാര്യം വെളിപ്പെടുത്തണം. നമ്മുടെ നാട്ടിൽ വന്നിരിക്കുന്ന ദുസ്ഥിതി, ഭൂമിയുടെ അപര്യാപ്തത പരിഹരിക്കണമെങ്കിൽ തീർച്ചയായും നമ്മുടെ നാട്ടിൽ പുതിയതായി ഭൂമി കണ്ടുപിടിച്ചേ പറ്റൂ. ഭൂമി നമ്മുടെ നാട്ടിലുണ്ടെന്നുള്ള പൂർണ്ണമായ വിശ്വാസമാണ് എനിക്കുള്ളത്. അതുകൊണ്ട് 6 (സി) വകുപ്പിന്റെ ഭേദഗതി സാരമായി ഈ ആവശ്യത്തെ സഹായിക്കുന്ന ഒരു കാര്യമാണ്. ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്, തീർച്ചയായും ഈ 6 (സി) വകുപ്പിന്റെ ഭേദഗതിക്ക് അംഗീകാരം വാങ്ങണം. ഹരിജൻ കോളനിയും സെറ്റിൽമെന്റ് കോളനിയും അതുപോലെതന്നെ ജയന്തി കോളനികളിലും ആയിരക്കണക്കിന് ഹരിജനങ്ങൾക്ക് ഇനിയും പട്ടയം കൊടുക്കാൻ ഉണ്ട്. പട്ടയം കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഭൂമിയുടെ അപര്യാപ്തതയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇക്കാര്യമെല്ലാം പരിശോധിക്കുമ്പോൾ തീർച്ചയായും ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നത് ഇത്രയുംകാലം ഈ കേന്ദ്ര ഭരണാധികാരികളുടെ മേശപ്പുറത്ത് ഈ ബില്ല് മോചനം കാത്ത് കഴിയുകയായിരുന്നു, അഹല്യാമോക്ഷം പോലെ, അഹല്യ കിടക്കുന്നതുപോലെ കിടക്കുകയാണ്. അതിന് അംഗീകാരം വാങ്ങിച്ചാൽ തീർച്ചയായും ചെറിയൊരു മാറ്റം നമ്മുടെ നാട്ടിൽ കൊണ്ടുവരാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത്രയുംകാലം എന്തുകൊണ്ട് ഇതിനനുവാദം വാങ്ങിച്ചില്ല എന്നതിനെപ്പറ്റി മന്ത്രി പറയണമെന്ന് ഞാൻ ഒരിക്കൽകൂടി ആവശ്യപ്പെടുകയാണ്. അതുകൊണ്ട് ഈ 6 (സി) വകുപ്പിന്റെ ഭേദഗതിക്ക് അംഗീകാരം വാങ്ങിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത് അടിപ്പെട്ട് കിടക്കുന്ന ഭൂമി കണ്ടുപിടിച്ച് പാവപ്പെട്ടവർക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഇവിടെ ഒരേക്കർ ഭൂമി വിതരണം ചെയ്താൽ അതിന്റെ 50% ത്തിലധികം ഭൂമി പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും നിയമപരമായിത്തന്നെ അവകാശപ്പെട്ടതാണ്. ഇത് വാങ്ങാതിരിക്കുന്നതിൽ അർത്ഥമെന്ത് ? ഈ ഹരിജനങ്ങളെന്ന് കേട്ടാൽ നമ്മുടെ മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ എത്രയോ കണ്ണുനീരാണ് വാർക്കുന്നത്. ഇത് അവരോടുള്ള അവഗണനയാണ്, നിഷേധമാണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ട് അടിയന്തിരമായി ഇതെപ്പറ്റി അന്വേഷിച്ച് കേന്ദ്ര ഭരണാധികാരികളുമായി ബന്ധപ്പെട്ടുകൊണ്ട് ഇതിന് അംഗീകാരം വാങ്ങി നടപ്പാക്കാനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് മന്ത്രിയിൽനിന്ന് ഞാൻ പ്രതീക്ഷിക്കുന്നത്. ഞാൻ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ശ്രീ. സി. കെ. തകപ്പൻ പറഞ്ഞ പ്രശ്നങ്ങളെല്ലാം ഈ സംസ്ഥാനത്ത് വളരെ രൂക്ഷമായിട്ടുള്ള പ്രശ്നങ്ങളാണ്. അനേകമാളുകൾക്ക് വീട് വയ്ക്കാൻ ഭൂമി വേണം. ലക്ഷംവീട് കോളനികളിൽ അഞ്ചും ആറും കുടുംബങ്ങൾ ഒറ്റ വീട്ടിലാണ് താമസിക്കുന്നത്. അവർക്ക് പുതുതായിട്ട് സ്ഥലമുണ്ടാക്കണം. റയിൽവേ പുറമ്പോക്കിലും മറ്റ് പുറമ്പോക്കുകളിലും താമസിക്കുന്നവരെ പുനരധിവസിപ്പിക്കണം. ഇക്കാര്യങ്ങളെല്ലാം വളരെ ഗൗരവമുള്ളതാണ്. ഇതിനാവശ്യമായ ധാരാളം നടപടികൾ ഈ അടുത്തകാലത്ത് കൈക്കൊണ്ടിട്ടുണ്ട്. ഏതാണ്ട് 35000 ഹൗസ്സൈറ്റുകൾ അടുത്ത കാലത്ത് വിതരണം നടത്തിയിട്ടുണ്ട്. ഇപ്പോഴും ഇങ്ങനെയുള്ള ആളുകളെ പുനരധിവസിപ്പിക്കാൻ സ്ഥലമെടുക്കുന്ന പരിപാടിയും അവിടെ വീട് വയ്ക്കുന്ന പരിപാടിയും ദ്രുതഗതിയിൽത്തന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷെ താമസിക്കുന്നവർ വളരെ ഏറെയായതുകൊണ്ട് മുഴുവനാളുകളേയും കുറഞ്ഞ സമയം കൊണ്ട് പുനരധിവസിപ്പിക്കാൻ കഴിയുകയില്ല. എങ്കിലും 10 കൊല്ലം കൊണ്ട് പരിഹാരമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടുകൂടി പ്രതിവർഷം 2 ലക്ഷം വീടുകൾ തീർക്കുകയെന്ന ലക്ഷ്യം ഈ ഗവൺമെന്റ് മുന്നോട്ട് വയ്ക്കുകയും ആ ലക്ഷ്യം ഈ വർഷം തന്നെ ഏതാണ്ട് കൈവരിക്കുകയുമാണ്. ഈ വർഷം 2 ലക്ഷത്തോളം വീടുകൾ തീരും.

ശ്രീ. ഇ. കെ. നായനാർ : സർ, പാലക്കാട്ടെ ആദിവാസികൾക്ക് വേറെ ഭൂമി കൊടുത്തിട്ടില്ല. വീട് കൊടുത്തിട്ടില്ല. ഞാൻ കഴിഞ്ഞ ആഴ്ചയിലും അവിടെ പോയിരുന്നു.

ശ്രീ. പി. ജെ. ജോസഫ് : ഞാൻ പ്രതിപക്ഷനേതാവിനെ അറിയിക്കാൻ ആഗ്രഹിക്കുന്നത് അവിടെ എല്ലാ നടപടികളും സ്വീകരിച്ചു കഴിഞ്ഞു. സ്ഥലം കൊടുത്തുകഴിഞ്ഞു. വീട് വയ്ക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഞാൻ നേരിട്ട് ജില്ലാകളക്ടറെ വിളിച്ചുവരുത്തി പ്രതിപക്ഷനേതാവ് ഉന്നയിച്ചിരുന്ന ആവശ്യം പറഞ്ഞതനുസരിച്ച് നടപടികൾ പൂർണ്ണമായി സ്വീകരിച്ചിട്ടുണ്ട്. ഇനി വീട് വച്ചുകൊടുത്താൽ മാത്രം മതി. സ്ഥലം കൊടുത്തുകഴിഞ്ഞു. എല്ലാ നടപടിക്രമങ്ങളും പൂർത്തിയായി. ഇനി പോയി നോക്കിയാൽ പ്രശ്നം ഉണ്ടാകുകയില്ല. അത് തീർത്തുകഴിഞ്ഞിട്ടുണ്ട്. ആ നിലയ്ക്ക് നടപടികൾ ഈ സംസ്ഥാനത്ത് സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്.

അദ്ദേഹം ഇവിടെ ഉന്നയിച്ച 6 (സി)-ലെ പ്രശ്നം പെട്ടെന്ന് പരിഹരിക്കാവുന്ന പ്രശ്നമല്ല. 6 (സി)-യെ സംബന്ധിച്ച് 1979-ൽ ഒരു ബില്ല് പാസ്സാക്കി. പ്രസിഡന്റിന്റെ അംഗീകാരം കിട്ടി. 1980-ൽ അത് വേണ്ടെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് വന്നപ്പോൾ 1979-ൽ പാസ്സായ നിയമംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. ആ നിയമം നിലനിൽക്കണമെന്നാണ്. ആ അഭിപ്രായം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അതാണ് ഇപ്പോഴത്തെ നില.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, അപ്പോഴും അങ്ങ് അത് നിരാകരിച്ചു കഴിഞ്ഞു അതിനെപ്പറ്റിയല്ല എന്റെ ചോദ്യം. അത് നിരാകരിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കുന്നതോടൊപ്പം ഈ പട്ടയം കൊടുക്കാതെ ലക്ഷംവീട് കോളനി, ജയന്തി കോളനി, സെറ്റിൽമെന്റ് കോളനി എന്നീ ഹരിജൻ പ്രദേശങ്ങളിൽ പത്തിനായിരക്കണക്കിന് പാവപ്പെട്ടവരുണ്ട്. പട്ടയം ഉടനെ കൊടുക്കുമോയെന്നെങ്കിലും വ്യക്തമാക്കാമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പട്ടയം നടപടിയെപ്പറ്റി ഇവിടെ പലവട്ടം പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ അനുവാദം കിട്ടേണ ഭൂമിയൊഴിച്ചുള്ള പ്രദേശങ്ങളിൽ ഓരോ താലൂക്കുകളെടുത്ത് പരിശോധിച്ചാലും ഈ പട്ടയ നടപടികളും ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. പല പ്രാവശ്യം കണക്കുകളും പറഞ്ഞിട്ടുള്ളതാണ്. മുമ്പ് ഏത് കാലഘട്ടത്തിൽ കൊടുത്തതിനെക്കാളും കൂടുതൽ പട്ടയങ്ങളും കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്, ഒന്നേകാൽ ലക്ഷത്തോളം ആളുകൾക്ക് പട്ടയം കൊടുത്തുകഴിഞ്ഞു. ഈ ബില്ലിന്റെ അനുമതി പ്രസിഡന്റ് നിഷേധിച്ചിരിക്കുകയാണ്.

2. കാസർഗോഡ് ഐ. ടി. ഐ. ക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതുകാരണം വിദ്യാർത്ഥികളും അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മറ്റുപല രംഗത്തും പിന്നോക്കം കിടക്കുന്ന കാസർഗോഡ് ജില്ലയെ ഇപ്പോഴും അവഗണിക്കുകയാണ്. 4 വർഷം മുമ്പ് 1983-ൽ ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രി കാസർഗോഡ് ഒരു ഐ. റ്റി. ഐ. അനുവദിച്ചു. അതിനു ഞങ്ങളും നന്ദിയുള്ളവരാണ്. പക്ഷെ അതിന്റെ പ്രവർത്തനം 4 വർഷം കഴിഞ്ഞിട്ടും കാസർഗോഡ് ടൗൺ യു. പി. സ്കൂളിന്റെ ഒരു ചെറിയ ഷെഡ്ഡിലാണ്. ആ ഷെഡ്ഡിലാണ് അവിടത്തെ സ്റ്റാഫും വിദ്യാർത്ഥികളും കഴിഞ്ഞു കൂടുന്നത്. കാറ്റും മഴയും വന്നാൽ ഏതു സമയവും ആ ഷെഡ് പൊളിഞ്ഞു വീഴാൻ സാദ്ധ്യതയുണ്ട്. അവിടത്തെ സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും ജീവൻതന്നെ നഷ്ടപ്പെടാനിടയുള്ള ഒരു സാഹചര്യമാണ് അവിടെയുള്ളത്. അവിടത്തെ കുട്ടികൾക്ക് വെള്ളമില്ല, ഇലക്ട്രിസിറ്റിയില്ല, ലബോറട്ടറിയില്ല, യൂറിൻ ഷെഡ്പോലുമില്ല. തൊട്ടടുത്ത് പോലീസ്സ്റ്റേഷനും സബ്ജയിലും എ. ഇ. ഒ. (A. E. O.) ഓഫീസുമെല്ലാം നില നിൽക്കുകയാണ്. അങ്ങനെയൊരു സാഹചര്യത്തിൽ അവിടത്തെ കുട്ടികൾ വളരെയേറെ കഷ്ടപ്പെടുകയാണ്. അവരുടെ ക്ഷമ ഇത്തരത്തിൽ പരീക്ഷിക്കുന്നത് ഒരിക്കലും ശരിയല്ല. അവിടത്തെ കുട്ടികളും സ്റ്റാഫും നാട്ടുകാരും ഒരു സമരത്തിന് തയ്യാറെടുക്കുകയാണ്. അവിടെയുള്ള പഠനോപകരണങ്ങൾപോലും സൂക്ഷിക്കാൻ സ്ഥലമില്ല. ഇപ്പോൾ അവിടെ നിലവിലുള്ളത് രണ്ട് ട്രെയിഡുകൾ മാത്രമാണ്. ഒന്ന് ഡ്രാഫ്റ്റ്സ്മാൻ സിവിലും മറേറതു സ്റ്റെനോഗ്രാഫിയും. അങ്ങനെയാകെ രണ്ട് ട്രെയിഡുകളാണ് അവിടെയുള്ളത്. സാങ്കേതിക സ്ഥാപനങ്ങളുടെ കാര്യത്തിൽ വളരെയേറെ പിന്നോക്കമാണ് മലബാർ മേഖല. അതിൽത്തന്നെയും ഏറ്റവും പിന്നോക്കം കിടക്കുന്ന ഒരു സ്ഥലമാണ് കാസർഗോഡ്. അതുകൊണ്ട് അവിടെ കെട്ടിടം നിർമ്മിക്കുന്നതിനും അവിടെ കൂടുതൽ ട്രെയിഡുകളും

LIBRARY ARCHIVES Kerala Legislative Assembly